(ix) ദാവൂദ്നബിയും സുലൈമാൻനബിയും

ഇസ്റാഈല്യരിലേക്കു നിയോഗിക്കപ്പെട്ട പ്രവാചകന്മാരാണ് ദാവൂദ്നബിയും പുത്രൻ സുലൈമാൻനബിയും. ഇസ്ലാമിന്റെയും ഇസ്റാഈല്യരുടെയും ശത്രുവായ ജാലൂതിനെ പരാജയപ്പെടുത്തിക്കൊണ്ട് ഇസ്റാഈൽ സമുദായത്തിന് മാതൃകാപരമായ നേതൃത്വം നല്കുകയായിരുന്നു ദാവൂദ്നബിക്ക് നിർവഹിക്കാനുണ്ടായിരുന്ന ദൗത്യം. അത് അദ്ദേഹം വിജയകരമായി നിർവഹിക്കുകയും ചെയ്തു. സിറിയ, ഇറാഖ്, ഫിലസ്തീൻ, ട്രാൻസ് ജോർഡാൻ എന്നീ രാജ്യങ്ങൾ ദാവൂദ്നബിയുടെ ഭരണത്തിൻ കീഴിലായിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

പിതാവ് വിട്ടേച്ചുപോയ ഭരണം കൂടുതൽ കാര്യക്ഷമവും ഭദ്രവും വിശാലവുമാക്കുകയും സ്വന്തം ജനതയെ ധാർമികമായി സംസ്കരിക്കുകയുമായിരുന്നു സുലൈമാൻനബിയുടെ പ്രബോധന ദൗത്യം. യമനിലെ സൂര്യാരാധകരായിരുന്ന ജനതയെയും അവരുടെ പ്രബല രാഷ്ട്രത്തെയും ഇസ്ലാമിന്നധീനമാക്കാൻ സുലൈമാൻനബിക്ക് സാധിക്കുകയുണ്ടായി. നാട്ടിൽ അദ്ദേഹം ആരാധനാലയങ്ങൾ പണിയുകയും ജനങ്ങളിൽ ദൈവസ്മരണ നിലനിർത്താൻ പരിശ്രമിക്കുകയും ചെയ്തു.